## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 665** **09.02.2016-ൽ മറുപടിയ്ക്ക്**

### പ്രീമെട്രിക് ഹോസ്റ്റലുകൾ

**ചോദ്യം**
ശ്രീ. എ.കെ.ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

**മറുപടി**
ശ്രീമതി. പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആദിവാസി കുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ മതിയായ കുടിവെള്ളവും ശൗചാലയവും ലഭ്യമാക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ശുദ്ധജല വിതരണം സാദ്ധ്യമാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള പൈപ്പുകൾ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാകുന്നു എന്ന് വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം ലഭ്യമാകാത്ത സ്ഥലങ്ങളിൽ കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ കുഴൽ കിണർ നിർമ്മിച്ച് അതിൽ നിന്ന് ജലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഹോസ്റ്റലുകളിലും ആവശ്യമായ ടോയ്‌ലറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. ടോയ്‌ലറ്റുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിലായി നടത്തിവരുകയും മതിയായ ടോയ്‌ലറ്റുകൾ ഉണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ സ്ഥലം എം.എൽ.എ.യുടെ |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷതയിൽ വിവിധ ജനപ്രതിനിധികൾ അംഗങ്ങളായിട്ടുള്ള ഉപദേശക സമിതി യോഗം ചേർന്ന് ഹോസ്റ്റലുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നുണ്ട്. |
| ബി) | ഇതിന്റെ ഭാഗമായി ലഭിക്കുന്ന റിപ്പോർട്ടുകൾ കൃത്യമായി അവലോകനം നടത്താറുണ്ടോ; കഴിഞ്ഞ ഒരു കൊല്ലത്തെ അവലോകന റിപ്പോർട്ടുകളുടെ വിശദാംശം വെളിപ്പെടുത്താമോ; | ബി) | അവലോകനം നടത്തി വരുന്നു. പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, എന്നിവർ ഹോസ്റ്റലുകളിൽ സന്ദർശനം നടത്തി ശുദ്ധജല ലഭ്യത, ടോയ്‌ലറ്റുകളുടെ അറ്റകുറ്റപ്പണി എന്നിവയിന്മേൽ നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പ് ഡയറക്ടറും, സർക്കാർ തലത്തിലും വിളിച്ചു ചേർക്കുന്ന ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗങ്ങളിലും ടി വിഷയങ്ങൾ അവലോകനം നടത്താറുണ്ട്. |
| സി) | അട്ടപ്പാടിയിലെ 52 പെൺകുട്ടികൾ താമസിക്കുന്ന ആനവായിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ മതിയായ ശൗചാലയ സൗകര്യം ഇല്ലെന്നുള്ള പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസിനു കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഏറ്റവും ദുർഘട ഉൾപ്രദേശത്താണ് ആനവായ് പ്രീമെട്രിക് ഹോസ്റ്റൽ സ്ഥിതിചെയ്യുന്നത്. 10 ഊരുകളിലെ കുറുംബ വിഭാഗത്തിൽപ്പെട്ട കുട്ടികളാണ് ടി ഹോസ്റ്റലുകളിൽ പഠിക്കുന്നത്. പ്രധാന റോഡിൽ നിന്നും ഏകദേശം 12 കി.മി അകലെ സൈലന്റ് വാലി ബഫർസോണിലാണ് ഹോസ്റ്റൽ സ്ഥിതിചെയ്യുന്നത്. റോഡ്, വൈദ്യുതി സൗകര്യങ്ങൾ ലഭ്യമല്ല. 1986-ൽ വെൽഫെയർ ഓഫീസർക്കുവേണ്ടി നിർമ്മിച്ച കെട്ടിടത്തിലാണ് ഹോസ്റ്റൽ അടുക്കള സ്ഥിതിചെയ്യുന്നത്. ടി 52 കുട്ടികളിൽ 6 കുട്ടികൾ മാത്രം ഹോസ്റ്റലിനടുത്തുള്ള വിദ്യാഭ്യാസ വകുപ്പിന്റെ ക്വാർട്ടേഴ്സിൽ |

| | | | |
|---|---|---|---|
| | | | താമസിക്കുന്നു. ടി ക്വാർട്ടേഴ്സിൽ ഒരു ശൗചാലയം ഉണ്ട്. പ്രധാന റോഡിൽ നിന്നും 12 കിലോമീറ്ററോളം നടന്നുവേണം ഹോസ്റ്റലിൽ എത്തുവാൻ. റോഡ് സൗകര്യം ഇല്ലാത്തതിനാൽ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾ ഒന്നുംതന്നെ ചെയ്യാൻ സാധിച്ചിട്ടില്ല.<br><br>ഇപ്പോൾ പി.വി.ടി.ജി പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. റോഡ് നിർമ്മാണം പൂർത്തിയായാൽ ഉടൻതന്നെ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ഹോസ്റ്റൽ നിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 1.6 കോടി രൂപ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന് നൽകിയിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥലം വനംവകുപ്പ് ഡിമാർക്ക് ചെയ്തു നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ